# കേരളസർവകലാശാല

നം.പി.ആർ.65/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2018 സ്കീം ഒന്നും രണ്ടും സെമസ്റ്റർ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, ഒക്ടോബർ 2021 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കോംപ്രിഹെൻസീവ് വൈവ വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.കോം. (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 & 2018 അഡ്മിഷൻ), ഡിസംബർ 2019 പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ വോസി ഏപ്രിൽ 1, 4, 5, 6 തീയതികളിൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. എല്ലാ വിദ്യാർത്ഥികളും രാവിലെ 10 മണിക്ക് ഹാജരാകേണ്ടതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ഏപ്രിൽ 13 മുതൽ നടത്തുന്ന നാലാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ രണ്ടാംവർഷം (ത്രിവത്സരം), നാലാംവർഷം (പഞ്ചവത്സരം) എൽ.എൽ.ബി. പരീക്ഷകൾ ഏപ്രിൽ 11 മുതലും മൂന്നാംവർഷം (ത്രിവത്സരം), അഞ്ചാംവർഷം (പഞ്ചവത്സരം) എൽ.എൽ.ബി. പരീക്ഷകൾ മെയ് 4 മുതലും ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാലയുടെ ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.എ./ബി.കോം./ബി.ബി.എ. (എസ്.ഡി.ഇ.) പരീക്ഷകൾക്ക് കരുനാഗപ്പള്ളി ഗവ.കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചവറ ബി.ജെ.എം. ഗവ.കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

### അഫിലിയേറ്റഡ് കോളേജുകളിലെ മധ്യവേനൽ അവധി ഏപ്രിൽ 1 മുതൽ മെയ് 31 വരെ

കേരളസർവകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളുടേയും 2022 ലെ മധ്യവേനൽ അവധി 2022 ഏപ്രിൽ 1 മുതൽ മെയ് 31 വരെ ആയിരിക്കും. മധ്യവേനൽ അവധി കഴിഞ്ഞു ജൂൺ 1 നു കോളേജുകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും തുടർ നിർദ്ദേശം ലഭിക്കുകയാണെങ്കിൽ ഈ തീയതികളിൽ മാറ്റം വരാവുന്നതാണ്.

തിരുവനന്തപുരം,
30.03.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**